പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5986 — 04/07/2019-ൽ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായുള്ള കമ്മിറ്റികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ടി.വി ഇബ്രാഹിം: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) 2009-ൽ നിലവിൽ വന്ന വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന ഘടനയും വിദ്യാഭ്യാസ അവകാശ നിയമം 2009 മുന്നോട്ട് വെച്ച പ്രൈമറി, എലിമെന്ററി സ്കൂൾ ഘടനയും വ്യത്യസ്ഥപ്പെട്ടിരിക്കുന്നു. കെ.ഇ.ആർ പ്രകാരം കേരളത്തിൽ 1 മുതൽ 4 വരെയും 5 മുതൽ 7 വരെയും 8 മുതൽ 10 വരെയും ആണ് സ്കൂൾ വിദ്യാഭ്യാസ ഘടന. ഇത് 1 മുതൽ 5 വരെയും 6 മുതൽ 8 വരെയും ആയി പരിമിതപ്പെടുത്തി കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ വിവക്ഷിച്ചിരിക്കുന്നു. വിദ്യാഭ്യാസാവകാശ നിയമത്തിൽ എലിമെന്ററി സ്റ്റേജിന്റെ ഭാഗമാണ് 8-ാം ക്ലാസ്. കൂടാതെ സംസ്ഥാനത്ത് പ്രൈമറി വിദ്യാഭ്യാസത്തിനുള്ള പ്രായം 5 ആയിരുന്നെങ്കിലും കേന്ദ്ര വിദ്യാഭ്യാസാവകാശ നിയമത്തിൽ പ്രൈമറി ക്ലാസിലേയ്ക്കുള്ള പ്രവേശനത്തിനുള്ള പ്രായം 6 ആണ്. ഇവയൊക്കെ കേന്ദ്ര വിദ്യാഭ്യാസാവകാശ നിയമം നടപ്പാക്കുമ്പോൾ അനുഭവപ്പെടുന്ന വിഷയങ്ങളായി കാണുന്നു. |
| (ബി) ഈ നിയമത്തിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ രൂപീകരിക്കേണ്ട കമ്മിറ്റികൾ ഏതെല്ലാം. ഇതിൽ ഏതെല്ലാം കമ്മിറ്റികൾ നിലവിലുണ്ട്. പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങളുടെ പേരും സ്ഥാനപ്പേരും ചുമതലകളും അറിയിക്കാമോ; | (ബി) യും (സി) യും (ഡി) യും ഈ നിയമത്തിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ രൂപീകരിക്കേണ്ട സംസ്ഥാന ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പ്രസ്തുത കമ്മിറ്റികൾ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | |
| (ഡി) പ്രസ്തുത കാലയളവിൽ ഈ കമ്മിറ്റികൾ നടത്തിയ യോഗങ്ങളുടെ നടപടിക്കുറിപ്പുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ